# പതിനഞ്ചാം കേരള നിയമസഭ
# (FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VIII
# (SUBJECT COMMITTEE VIII)

# സാമ്പത്തിക കാര്യങ്ങൾ
# (ECONOMIC AFFAIRS)

## ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്
## (2025-2026)

## FIFTH REPORT ON THE SCRUTINY OF DEMANDS FOR GRANTS
## (2025-2026)

2025 മാർച്ച് 3 -ാം തീയതി സമർപ്പിച്ചത്
(Presented on 3 rd March, 2025)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2025

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VIII
# (SUBJECT COMMITTEE VIII)

# സാമ്പത്തിക കാര്യങ്ങൾ
# (ECONOMIC AFFAIRS)

ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച
അഞ്ചാമത് റിപ്പോർട്ട്

(2025-2026)

FIFTH REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2025-2026)

291/2025.

<u>ഉള്ളടക്കം</u>

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി VIII
## (സാമ്പത്തിക കാര്യങ്ങൾ)
## (2023 -2026)

**ഘടന**

ചെയർപേഴ്സൺ :

ശ്രീ. കെ. എൻ. ബാലഗോപാൽ,
ധനകാര്യ വകുപ്പുമന്ത്രി.

എക്സ് - ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. എം.ബി. രാജേഷ്,
തദ്ദേശ സ്വയംഭരണ- എക്സൈസ് -പാർലമെന്ററികാര്യ വകുപ്പുമന്ത്രി.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,
രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ഡോ. കെ. ടി. ജലീൽ

ശ്രീ. ഡി. കെ. മുരളി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. കെ. വി. സുമേഷ്

ശ്രീ. ഇ. കെ. വിജയൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി സുദർശന കെ., ജോയിന്റ് സെക്രട്ടറി

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷമി ജെ., അണ്ടർ സെക്രട്ടറി.

# അവതാരിക

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2025-2026 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

2025 ഫെബ്രുവരി 18, 21 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന് കേരള നിയമസഭയുടെ ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശ രേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള വിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ V | — | ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും |
| ധനാഭ്യർത്ഥന നമ്പർ VII | — | മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും |
| ധനാഭ്യർത്ഥന നമ്പർ VIII | — | എക്സൈസ് |
| ധനാഭ്യർത്ഥന നമ്പർ X | — | ട്രഷറികളും അക്കൗണ്ടുകളും |
| ധനാഭ്യർത്ഥന നമ്പർ XI | — | ജില്ലാ ഭരണവും പലവകയും |
| ധനാഭ്യർത്ഥന നമ്പർ XVI | — | പെൻഷനും പലവകയും |
| ധനാഭ്യർത്ഥന നമ്പർ XXVIII | — | പലവക സാമ്പത്തിക സർവ്വീസുകൾ |
| ധനാഭ്യർത്ഥന നമ്പർ XLIII | — | നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും |
| ധനാഭ്യർത്ഥന നമ്പർ XLV | — | പലവക വായ്പകളും മുൻകൂറുകളും |
| ധനാഭ്യർത്ഥന നമ്പർ XLVI | — | സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും |

ധനാഭ്യർത്ഥനകളുടെ പരിശോധനാവേളകളിൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിശോധിക്കുകയും യോഗത്തിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും ആവശ്യമായ ഘട്ടങ്ങളിൽ കൂടുതൽ വിശദീകരണം ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികപരവുമായ പരിമിതികൾക്ക് വിധേയമായി സമിതി അഭിപ്രായങ്ങൾ രൂപീകരിക്കുകയും നിഗമനങ്ങളിൽ എത്തിച്ചേരുകയും ചെയ്തു. ധനാഭ്യർത്ഥനകളിന്മേൽ ലഭിച്ച ബജറ്റ് വിഹിതം അപര്യാപ്തമായ ശീർഷകങ്ങളിന്മേൽ അധിക തുക അനുവദിക്കുന്നതിനുള്ള സമിതിയുടെ ശിപാർശകൾ അടങ്ങിയതാണ് ഈ റിപ്പോർട്ട്.

2025 ഫെബ്രുവരി 27-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2025 മാർച്ച് 3.

**കെ. എൻ. ബാലഗോപാൽ,**
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി* VIII.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ V —ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും

വോട്ട് ചെയ്തത് - 475.6897 കോടി രൂപ

ചാർജ്ജ് ചെയ്തത് - 68.25 ലക്ഷം രൂപ

2040-00-101-98—വിൽപന നികുതി അപ്പലേറ്റ് ട്രൈബ്യൂണൽ

05-4 - ഓഫീസ് ചെലവുകൾ- മറ്റിനങ്ങൾ

വിഹിതം : 2.63 ലക്ഷം രൂപ (പദ്ധതിയേതരം)

1. ഓഫീസ് ചെലവുകളുടെ കുടിശ്ശിക നൽകാനുള്ളതുൾപ്പെടെ ഈ ഇനത്തിൽ 5.38 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ശേഷിച്ച 2.75 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

06 - വാടക, കരം, നികുതി

വിഹിതം : 19 ലക്ഷം രൂപ (പദ്ധതിയേതരം)

2. ട്രൈബ്യൂണൽ ചെയർമാന്റെയും ജൂഡീഷ്യൽ മെമ്പർമാരുടെയും ഓഫീസ് വാടക കുടിശ്ശിക കൊടുത്തു തീർക്കാനുള്ളതുൾപ്പെടെ നടപ്പുവർഷത്തിൽ 22 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ വാടക ഇനത്തിൽ 3 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21-2 -മോട്ടോർ വാഹനങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 52,000 രൂപ (പദ്ധതിയേതരം)

3. ഓഫീസ് ചെയർമാന്റെയും അഡീഷണൽ ബെഞ്ചിലെ ജൂഡീഷ്യൽ ഓഫീസറുടെയും ഉൾപ്പെടെ വകുപ്പിലെ ഔദ്യോഗിക വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 73,000 രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21-3 -മോട്ടോർ വാഹനങ്ങൾ- ഇൻഷുറൻസ്

വിഹിതം : 10,000 രൂപ (പദ്ധതിയേതരം)

4. വകുപ്പിലെ ഔദ്യോഗിക വാഹനങ്ങളുടെ ഇൻഷ്വറൻസ് ആവശ്യത്തിനായി നിലവിലെ വിഹിതം അപര്യാപ്തമാകയാൽ 7,000 രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

00-45 - പി.ഒ.എൽ.

വിഹിതം : 1.6 ലക്ഷം രൂപ (പദ്ധതിയേതരം)

5. പി.ഒ.എൽ. ഇനത്തിൽ 2024-25 സാമ്പത്തിക വർഷത്തെ കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിന് ഈ ഇനത്തിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 2.40 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2040-00-188-99—ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ (ഗിഫ്റ്റ്)

31 - സഹായധനം - ശമ്പളം

വിഹിതം : 2.6669 കോടി രൂപ (പദ്ധതിയേതരം)

6. ഇൻസ്റ്റിറ്റ്യൂട്ടിന്റെ അക്കാദമിക് മേഖല മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നിയമിതരായ പുതിയ അക്കാദമിക് സ്റ്റാഫുകളുടെ ശമ്പള ബാധ്യത നിറവേറ്റുന്നതിന് നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ 3.8831 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36 - സഹായധനം - ശമ്പളേതരം

വിഹിതം : 1 കോടി രൂപ (പദ്ധതി)

: 25.08 ലക്ഷം രൂപ (പദ്ധതിയേതരം)

7. ഗവേഷണ പഠനം, ഇ-ജേണൽ, പി.എച്ച്.ഡി. ഫെലോഷിപ്പ്, പ്രാദേശിക സാമ്പത്തിക ഗവേഷണസെല്ലിന്റെ രൂപീകരണം, ഓഫീസ് ഓട്ടോമേഷൻ, ഗവേഷണത്തിന് വേണ്ട ഡേറ്റ ബേസ് മുതലായവയ്ക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 1.50 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 49.92 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2043-00-001-97—കമ്മീഷണറുടെ കാര്യാലയം

21-01- മോട്ടോർ വാഹനങ്ങൾ- വാഹനങ്ങൾ വാങ്ങൽ

വിഹിതം : 8.80 കോടി രൂപ (പദ്ധതി)

8. സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിൽ ജി.എസ്.ടി. നിയമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ വാഹനങ്ങളുടെ ദൗർലഭ്യം പരിഹരിക്കാൻ പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് 2.65 കോടി രൂപ കൂടി ആവശ്യമായതിനാൽ ആയത് ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2043-00-001-93 —ഐ.ടി. അടിസ്ഥാന സൗകര്യ വികസനം-വിവര സാങ്കേതിക സൗകര്യങ്ങൾ

വിഹിതം : 8.10 കോടി രൂപ (പദ്ധതി)

9. കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ സുഗമമായ ഓഫീസ് പ്രവർത്തനത്തിന് ആവശ്യമായ കംപ്യൂട്ടറുകൾ, ലാപ് ടോപ്പ് എന്നിവ വാങ്ങുന്നതിനും, ഉപയോഗശൂന്യമായ കംപ്യൂട്ടറുകൾ മാറ്റി വാങ്ങുന്നതിനായും ഡിജിറ്റൽ യൂണിവേഴ്സിറ്റിയ്ക്കും കെൽട്രോണിനും തുക നൽകുന്നതിനും ഈ ശീർഷകത്തിൽ നിലവിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ 12.75 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2043-00-001-92—പൊതു അവബോധവും കാര്യക്ഷമത മെച്ചപ്പെടുത്തലും.

വിഹിതം : 4 കോടി രൂപ (പദ്ധതി)

10. നികുതി വരുമാനം വർധിപ്പിക്കുന്നതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും വിവിധ ആംനസ്റ്റി സ്കീമുകളുടെ പ്രചാരണം, പൊതുജന- സംസ്ഥാനതല കാമ്പയിനുകളുടെ സംഘാടനം, വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള പരിശീലന പരിപാടികൾ എന്നിവയ്ക്കുമായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമാകയാൽ 9.44 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2043 -00- 101-97—ചരക്കു സേവന നികുതി കാര്യാലയങ്ങൾ

15- രഹസ്യ സേവന ചെലവുകൾ

വിഹിതം : 30 ലക്ഷം രൂപ (പദ്ധതിയേതരം)

11. സംസ്ഥാന ഇന്റലിജൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ നികുതി വെട്ടിപ്പുകൾക്ക് തടയിടുന്ന വിപുലമായ പ്രവർത്തനങ്ങൾക്കും, ഇൻഫോർമർ മാനേജ്മെന്റ് റിവാർഡ് നൽകൽ പ്രവർത്തനങ്ങൾക്കുമായി സീക്രട്ട് സർവ്വീസ് ഫണ്ട് ഇനത്തിൽ 270 ലക്ഷം രൂപയാണ് വകുപ്പ് ആവശ്യപ്പെട്ടതെന്ന് സമിതി മനസിലാക്കുന്നു. വകുപ്പിന്റെ

കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ശേഷിച്ച 2.40 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2045-00-103-99—ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്

വിഹിതം : 37.3727 കോടി രൂപ (പദ്ധതിയേതരം)

12. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിലെ ജീവനക്കാരുടെ ചികിത്സാ ചെലവ്, യാത്രാബത്ത, തപാൽ സ്റ്റാമ്പുകൾ വാങ്ങുന്നത് ഉൾപ്പെടെയുള്ള ചെലവുകൾ, വാഹന അറ്റകുറ്റ പണികൾ, മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ്സ് ലാബോറട്ടറിയിലേക്ക് ആവശ്യമായ സീലുകളുടെ വാങ്ങൽ, ദിവസ വേതനനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളം നൽകൽ എന്നിവയ്ക്കായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 18.57 ലക്ഷം രൂപ കൂടി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. വകുപ്പിലെ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളം നൽകുന്നതിന് നിലവിൽ ബജറ്റ് വിഹിതം അനുവദിച്ചിട്ടില്ലാത്തതിനാൽ, ആയതിന് ബന്ധപ്പെട്ട ശീർഷകം അനുവദിച്ച് പ്രസ്തുത ശീർഷകത്തിൽ തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2045-00-200-99—സംഭരണ ചെലവുകൾ-മറ്റ് നികുതികളും തീരുവകളും-ലൈസൻസിംഗ് ബോർഡ്

വിഹിതം : 1.5302 കോടി രൂപ (പദ്ധതിയേതരം)

14. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ ഭാഗമായിട്ടുള്ള കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് നടത്തുന്ന വയർമാൻ പരീക്ഷ 14 ജില്ലകളിൽ നടത്തുന്ന ചെലവിലേക്കായി നിലവിലെ ബജറ്റ് വിഹിതത്തിന് പുറമെ 2 ലക്ഷം രൂപ കൂടി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനീയർമാരെ തെരെഞ്ഞെടുക്കുന്ന ചെലവുകൾ വഹിക്കുന്നതിന് നിലവിൽ ബജറ്റ് വിഹിതം അനുവദിച്ചിട്ടില്ലാത്തതിനാൽ, ആയതിനു വേണ്ടി പുതിയ ശീർഷകം അനുവദിക്കുകയോ നിലവിലുള്ളത് പുനസ്ഥാപിക്കുകയോ ചെയ്ത് ആയതിൽ 2 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ VII—മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും

വോട്ടു ചെയ്തത് - 290.1579 കോടി രൂപ

ചാർജ്ജ് ചെയ്തത് - ഇല്ല

2030-03-001-99—ഭരണവും നടത്തിപ്പും - ഭരണം

21-1- മോട്ടോർ വാഹനങ്ങൾ- വാഹനങ്ങൾ വാങ്ങൽ

വിഹിതം : ഇല്ല

16. സബ് രജിസ്ട്രാർ ഓഫീസുകളിൽ ഇൻസ്പെക്ഷൻ നടത്തി നികുതി ചോർച്ച തടയുന്നതിനും വാർഷിക ഓഡിറ്റ് നടത്തുന്നതിനും ബുദ്ധിമുട്ടുകൾ നേരിടുന്നതിനാൽ വകുപ്പിലേക്ക് പുതിയ 15 വാഹനങ്ങൾ വാങ്ങുന്നതിന് ഉദ്ദേശിക്കുന്നതിനാൽ പ്രസ്തുത ശീർഷകത്തിൽ 1.80 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2030-03-001-95—സബ് രജിസ്ട്രി ഓഫീസുകൾ

06 - വാടക, കരം, നികുതി

വിഹിതം : 2.29 കോടി രൂപ (പദ്ധതിയേതരം)

17. സബ് രജിസ്ട്രാർ ഓഫീസുകളുടെ കുടിശ്ശികയടക്കമുള്ള വാടക തുക നൽകുന്നതിന് നിലവിൽ വകയിരുത്തിയിരിക്കുന്ന ബജറ്റ് വിഹിതം അപര്യാപ്തമാണ്. ആകയാൽ 1.5 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ VIII—എക്സൈസ്

വോട്ട് ചെയ്തത് : 425.7704 കോടി രൂപ

ചാർജ്ജ് ചെയ്തത് : 6 ലക്ഷം രൂപ

2039-00-001-99—ഭരണവും നടത്തിപ്പും-മേൽനോട്ടം

06- വാടക, കരം, നികുതി

വിഹിതം : 82 ലക്ഷം രൂപ (പദ്ധതിയേതരം)

18. എക്സൈസ് സർക്കിൾ ഓഫീസുകളിലെ വാടക, കരം, നികുതി ചെലവുകൾ എന്നിവ പൂർണ്ണമായും നിർവഹിക്കുന്നതിന് അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ ടി ശീർഷകത്തിൽ 25 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21-2 -മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 57.55 ലക്ഷം രൂപ (പദ്ധതിയേതരം)

19. എക്സൈസ് സർക്കിൾ ഓഫീസുകളിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികളുടെ ചെലവുകൾക്കായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 25 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34-3 - മറ്റ് ചെലവുകൾ - മറ്റിനം

വിഹിതം : 34.65 ലക്ഷം രൂപ (പദ്ധതിയേതരം)

20. സ്റ്റേറ്റ് എക്സൈസ് അക്കാദമിയിലെ ട്രെയിനിംഗ് ചെലവുകളും എക്സൈസ് സർക്കിൾ ഓഫീസുകളിലെ ഓഫീസ് ചെലവുകളും നിർവ്വഹിക്കുന്നതിന് മേൽ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45 - പി.ഒ.എൽ.

വിഹിതം : 2.6349 കോടി രൂപ (പദ്ധതിയേതരം)

21. എക്സൈസ് സർക്കിൾ ഓഫീസുകളിലെ പി.ഒ.എൽ. ചെലവിനത്തിൽ കുടിശ്ശികയായുള്ള തുക ഉൾപ്പെടെ നൽകുന്നതിലേയ്ക്കായി നിലവിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആകയാൽ ടി ശീർഷകത്തിൽ ഒരു കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-98—റേഞ്ച് ഓഫീസുകൾ

06- വാടക, കരം, നികുതി

വിഹിതം : 1.05 കോടി രൂപ (പദ്ധതിയേതരം)

22. എക്സൈസ് റേഞ്ച് ഓഫീസുകളിലെ വാടക, കരം, നികുതി ഇനത്തിലുള്ള ചെലവുകൾ കുടിശ്ശികയടക്കം നൽകുന്നതിന് നിലവിൽ അനുവദിച്ചിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21-2 -മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 49.95 ലക്ഷം രൂപ (പദ്ധതിയേതരം)

23. എക്സൈസ് റേഞ്ച് ഓഫീസുകളിലെ മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് അനുവദിച്ച വിഹിതം പര്യാപ്തമല്ലാത്തതിനാൽ പ്രസ്തുത ശീർഷകത്തിൽ 30 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45 -പി.ഒ.എൽ.

വിഹിതം : 2.57 കോടി രൂപ (പദ്ധതിയേതരം)

24. എക്സൈസ് റേഞ്ച് ഓഫീസുകളിലെ പി.ഒ.എൽ. ഇനത്തിൽ കുടിശ്ശിക നൽകുന്നതുൾപ്പെടെയുള്ള ചെലവുകൾക്കായി അനുവദിച്ച വിഹിതം അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ ഒരു കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-94—എക്സൈസ് വകുപ്പിന്റെ നവീകരണം

34-3 - മറ്റ് ചെലവുകൾ-മറ്റിനം

വിഹിതം : 80 ലക്ഷം രൂപ (പദ്ധതിയേതരം)

25. 2025-26 സാമ്പത്തിക വർഷം എക്സൈസ് വകുപ്പിന്റെ നവീകരണത്തിന് അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 60 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-86 —എക്സൈസ്-ക്രൈംബ്രാഞ്ച് വിഭാഗം

04-1 - യാത്രാ ചെലവുകൾ- യാത്രാ ബത്ത

വിഹിതം : 75,000 രൂപ (പദ്ധതിയേതരം)

26. സംസ്ഥാന വ്യാപകമായി അന്വേഷണ ചുമതലയുള്ള എക്സൈസ് ക്രൈംബ്രാഞ്ച് വിഭാഗത്തിലെ ജീവനക്കാർക്ക് ഡ്യൂട്ടിയുടെ ഭാഗമായി സംസ്ഥാനത്ത് ഉടനീളവും മറ്റ് സംസ്ഥാനങ്ങളിലും യാത്ര ചെയ്യേണ്ടതിനാലും മുൻ വർഷങ്ങളിലെ കുടിശ്ശിക നൽകാനുള്ളതിനാലും അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 5 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21-2 - മോട്ടോർ വാഹനങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 65,000 രൂപ (പദ്ധതിയേതരം)

27. സംസ്ഥാന വ്യാപകമായി അന്വേഷണ ചുമതലയുള്ള എക്സൈസ് ക്രൈംബ്രാഞ്ച് വിഭാഗത്തിലെ ജീവനക്കാർക്ക് ഡ്യൂട്ടിയുടെ ഭാഗമായി സംസ്ഥാനത്ത് ഉടനീളവും മറ്റ് സംസ്ഥാനങ്ങളിലും യാത്ര ചെയ്യേണ്ടതിനാൽ സമയബന്ധിതമായി വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കാൻ കഴിയാതെ വരുന്നത് കേസന്വേഷണത്തെ പ്രതികൂലമായി ബാധിക്കുന്നുവെന്നതിനാൽ മുൻ വർഷങ്ങളിൽ ഈ ഇനത്തിലുള്ള കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിനായി അനുവദിച്ച തുക പര്യാപ്തമല്ല. ആയതിനാൽ മേൽ ശീർഷകത്തിൽ ഒരു ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45 - പി.ഒ.എൽ.

വിഹിതം : 1.89 ലക്ഷം രൂപ (പദ്ധതിയേതരം)

28. എക്സൈസ് ക്രൈംബ്രാഞ്ച് വിഭാഗത്തിന് ഇന്ധന ചെലവിനത്തിലെ കുടിശ്ശിക തുക നൽകുന്നതുൾപ്പെടെയുള്ള ചെലവുകൾക്കായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 2 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ X—ട്രഷറികളും അക്കൗണ്ടുകളും

| | | |
|---|---|---|
| വോട്ട് ചെയ്തത് | - | 408.6950 കോടി രൂപ |
| ചാർജ്ജ് ചെയ്തത് | - | ഇല്ല |

2054-00-098-99—കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

06- വാടക, കരം, നികുതി

വിഹിതം : 28 ലക്ഷം രൂപ (പദ്ധതിയേതരം)

29. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 10 ഉപകാര്യാലയങ്ങളുടെ പ്രതിമാസ വാടക, വാടക കുടിശ്ശിക തുടങ്ങിയവയ്ക്കായി നടപ്പു സാമ്പത്തിക വർഷം 1,23,24,140 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ പ്രസ്തുത ശീർഷകത്തിൽ 95.30 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XI—ജില്ലാ ഭരണവും പലവകയും

വോട്ട് ചെയ്തത് - 943.4305 കോടി രൂപ

ചാർജ്ജ് ചെയ്തത് - 1.5925 കോടി രൂപ

2047-00-103-87—ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റ്മാർക്കും എസ്.എ.എസ്. ഏജന്റ്മാർക്കും അധിക സേവനത്തിന് നൽകുന്ന പ്രതിഫലം

വിഹിതം : 240 കോടി രൂപ (പദ്ധതിയേതരം)

30. 2025-26 സാമ്പത്തിക വർഷം ഏജന്റ്മാർക്ക് അധികസേവനത്തിനുള്ള പ്രതിഫലം പ്രതിമാസം ഏകദേശം 20 കോടി രൂപ നിരക്കിൽ 12 മാസത്തെ തുക വിതരണം ചെയ്യുന്നതിനായി 240 കോടി രൂപയും മുൻവർഷങ്ങളിലെ 2 മാസത്തെ പ്രതിഫല കുടിശ്ശിക നൽകുന്നതിനായി 40 കോടി രൂപയും ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ നടപ്പുസാമ്പത്തിക വർഷം ബജറ്റ് വിഹിതത്തിന് പുറമെ ഈ ശീർഷകത്തിൽ 40 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2047-00-103-85-10—എം.പി.കെ.ബി.വൈ /എസ്.എ.എസ്. ഏജന്റുമാരുടെ ക്ഷേമനിധിക്കായുള്ള സംസ്ഥാന സർക്കാരിന്റെ തത്തുല്യ വിഹിതം - സംഭാവന

വിഹിതം : 60 ലക്ഷം രൂപ (പദ്ധതിയേതരം)

31. നടപ്പു വർഷം ക്ഷേമനിധിയിൽ ഏജന്റ്മാരുടെ വിഹിതമായി 140.40 ലക്ഷം രൂപ പ്രതീക്ഷിക്കുന്നതിനാൽ ഇതിന്റെ 50% തുകയായ 70.20 ലക്ഷം രൂപയാണ് സർക്കാർ വിഹിതമായി വകയിരുത്തേണ്ടത്. കൂടാതെ 31-03-2025 വരെയുള്ള സർക്കാർ വിഹിതത്തിൽ 23.42 ലക്ഷം രൂപ കുടിശ്ശിക ലഭിക്കാനുമുണ്ട്. ആയതിനാൽ നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതത്തിന് പുറമെ ശേഷിച്ച 33.62 ലക്ഷം രൂപ ടി ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XVI—പെൻഷനും പലവകയും

വോട്ട് ചെയ്തത് - 42532.2974 കോടി രൂപ

ചാർജ്ജ് ചെയ്തത് - 9.1177 കോടി രൂപ

2075-00-103-99—സംസ്ഥാനഭാഗ്യക്കുറി - ഭാഗ്യക്കുറി ടിക്കറ്റ് വില്പന

(02)-08 - പ്രചാരണ ചെലവുകൾ - പരസ്യം പ്രചാരണം എന്നിവയ്ക്കുള്ള ചെലവുകൾ

വിഹിതം : 30 കോടി രൂപ (പദ്ധതിയേതരം)

32. ഉയർന്ന വിറ്റുവരവ് ലക്ഷ്യം കൈവരിക്കുന്നതിനായി ദൃശ്യ-ശ്രവ്യ അച്ചടി മാധ്യമങ്ങളിലൂടെ കൂടുതൽ പരസ്യങ്ങൾ നൽകുന്നതിനും, മുൻകാലങ്ങളിൽ പരസ്യം നൽകിയ ഇനത്തിലുള്ള കുടിശ്ശിക തുക കൊടുത്തു തീർക്കുന്നതിനും നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ 15 കോടി രൂപ ഈ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103-98 —ഏജന്റുമാരുടെ കമ്മീഷൻ

വിഹിതം : 4501.56 കോടി രൂപ (പദ്ധതിയേതരം)

33. ലോട്ടറി വിറ്റുവരവ് കൂടുന്നതിനനുസരിച്ച് ഡിസ്കൗണ്ട്, ഏജന്റിനുള്ള സമ്മാനം എന്നിവയ്ക്ക് ആനുപാതികമായ വർദ്ധനവുണ്ടാകുമെന്നതിനാൽ 2025-2026 സാമ്പത്തിക വർഷം ഈ ഇനത്തിൽ ഏകദേശം 4650.91 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ടി ശീർഷകത്തിൽ 149.35 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103-97—സമ്മാനദാനം

വിഹിതം : 7963.66 കോടി രൂപ (പദ്ധതിയേതരം)

34. നിലവിലെ സമ്മാനഘടന അനുസരിച്ച് വിറ്റുവരവിന്റെ ഏകദേശം 59.5% തുക സമ്മാനയിനത്തിൽ ചെലവഴിക്കേണ്ടി വരുമെന്നതിനാൽ ഈ ഇനത്തിൽ ഏകദേശം 8401 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ 437.34 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103-94—സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടേറ്റ്

06 - വാടക, കരം, നികുതി

വിഹിതം : 1 ലക്ഷം രൂപ (പദ്ധതിയേതരം)

35. ഭാഗ്യക്കുറി ഡയറക്ടേറ്റ് അനെക്സ് പ്രവർത്തിക്കുന്ന KTDFC-യുടെ ഉടമസ്ഥതയിലുള്ള തമ്പാനൂരിലെ കെട്ടിടത്തിന്റെ വാടകയിനത്തിലെ ചെലവ് ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത്. വാടകയിനത്തിൽ പ്രതീക്ഷിത ചെലവായ 13 ലക്ഷം രൂപയും മുൻ വർഷത്തെ കുടിശ്ശികയിനത്തിൽ 12 ലക്ഷം രൂപയും ആവശ്യമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 24 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17 - ചെറുകിട മരാമത്തുപണികൾ

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

36. ഭാഗ്യക്കുറി വകുപ്പിലെ 21 ഓഫീസുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായുള്ള നവീകരണ പ്രവർത്തനങ്ങൾക്കും, മറ്റ് മരാമത്ത് പണികൾക്കുള്ള ചെലവുകൾക്കുമായി 2025-26 സാമ്പത്തിക വർഷം 6.50 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 6.4986 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

99 - വിവരസാങ്കേതിക വിദ്യ

വിഹിതം : 80 ലക്ഷം രൂപ (പദ്ധതിയേതരം)

37. ഭാഗ്യക്കുറി വകുപ്പിന്റെ സോഫ്റ്റ്‌വെയർ സംബന്ധമായ ചെലവുകൾക്കും ഹാർഡ് വെയർ, പഞ്ചിംഗ് മെഷീൻ, സി.സി.ടി.വി. എന്നിവയുടെ എ.എം.സി. തുകകൾ, ഹാർഡ്‌വെയറുമായി ബന്ധപ്പെട്ട മറ്റ് ചെലവുകൾ എന്നിവയ്ക്കായി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാകയാൽ 65.40 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103- 93—ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾ

06- വാടക, കരം, നികുതി

വിഹിതം :61.91 ലക്ഷം രൂപ (പദ്ധതിയേതരം)

38. വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകളും ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഗ്രൗണ്ട് ഫ്ലോറിലേയ്ക്ക് ഓഫീസുകൾ മാറ്റുന്ന സാഹചര്യത്തിൽ വാടകയിനത്തിലെ ചെലവിൽ വർദ്ധനവുണ്ടാകുമെന്നതിനാൽ നിലവിലെ വിഹിതം പര്യാപ്തമല്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ ഒരു കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103-92—സംസ്ഥാന ഭാഗ്യക്കുറിയുടെ റീജയണൽ ഡപ്യൂട്ടി ഡയറക്ടേറ്റ്, എറണാകുളം

06- വാടക, കരം, നികുതി

വിഹിതം : 36.74 ലക്ഷം രൂപ (പദ്ധതിയേതരം)

39. എറണാകുളം മേഖലാ ഭാഗ്യക്കുറി ഡയറക്ടേറ്റ്, ജില്ലാ ഭാഗ്യക്കുറി ഓഫീസ് എന്നിവയുടെ വാടകയിനത്തിലുള്ള ചെലവിന് അനുവദിച്ച ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ പ്രസ്തുത ശീർഷകത്തിൽ 30 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-795-98 —വീട്ടുവായ്പ എഴുതിത്തള്ളൽ

വിഹിതം : 22.15 ലക്ഷം രൂപ (പദ്ധതിയേതരം)

40. വീട് വായ്പ എഴുതിത്തള്ളുന്ന തുക 5 ലക്ഷമായി വർദ്ധിച്ചിരുന്നതിനാലും അപേക്ഷകരുടെ എണ്ണം വർദ്ധിച്ചതിനാലും പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ 27.85 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-800-98—രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി - സഹായധനം

വിഹിതം : 2.4436 കോടി രൂപ (പദ്ധതിയേതരം)

41. അക്കാദമിയിൽ നിലവിൽ മൂന്ന് സിംഗിൾ എഞ്ചിൻ വിമാനങ്ങൾ ആണ് ഉള്ളത്. നിലവിലെ 43 ട്രെയിനികൾക്കും 2025-26 ബാച്ചിലെ ട്രയിനികൾക്കും ഈ മൂന്ന് വിമാനങ്ങൾ കൊണ്ട് പറക്കൽ പരിശീലനം നടത്തുവാൻ പ്രയാസമായതിനാലും കണ്ണൂർ വിമാനത്താവളം സാറ്റ്ലൈറ്റ് ബേസാക്കി പരിശീലനം പുനരാരംഭിച്ച സ്ഥിതിയ്ക്കും തിരുവനന്തപുരത്തും കണ്ണൂരിലും പരിശീലനം നടത്തുന്നതിന് രണ്ട് സിംഗിൾ എൻജിൻ വിമാനവും ഒരു സിമുലേറ്ററും അക്കാദമിയ്ക്ക് വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 11 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-800-81—കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് അംശദാനം

വിഹിതം : 1.0627 കോടി രൂപ (പദ്ധതിയേതരം)

42. മുൻ സാമ്പത്തിക വർഷങ്ങളിൽ ബജറ്റ് വിഹിതം പൂർണ്ണമായും ലഭ്യമായിട്ടില്ലാത്തതിനാലും, ഹജ്ജ്കമ്മിറ്റി ഓഫീസിൽ പുതുതായി നിയമിച്ച എക്സിക്യൂട്ടീവ് ഓഫീസറുടെ ശമ്പളം നൽകുന്നതിനും ഹജ്ജ് വോളണ്ടിയറിംഗ് ഇനത്തിലും, ഹജ്ജ് ഹൗസിനോടനുബന്ധിച്ചുള്ള വനിതാ ബ്ലോക്ക് നിർമ്മിച്ച ഇനത്തിലും തുക നൽകുന്നതിലേയ്ക്കായി മേൽ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം പര്യാപ്തമല്ല. <u>ആയതിനാൽ 6.1531 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2075-00-800-78—<u>വഖഫ് ബോർഡിന്റെ സാമൂഹ്യ ക്ഷേമ പ്രവർത്തനത്തിനു വേണ്ടിയുള്ള പ്രത്യേക ധന സഹായം</u>

വിഹിതം : 1.32 കോടി രൂപ (പദ്ധതിയേതരം)

43. സോഷ്യൽ വെൽഫെയർ സ്കീം (കേരള) പ്രകാരം സാങ്ഷൻ കമ്മിറ്റി വിവിധ തീയതികളിലായി പാസാക്കിയിട്ടുള്ള അപേക്ഷകളിന്മേൽ കുടിശ്ശികയായിട്ടുള്ള തുക നൽകുന്നതിന് നിലവിൽ അനുവദിച്ച വിഹിതം <u>അപര്യാപ്തമാകയാൽ പ്രസ്തുത ശീർഷകത്തിൽ 8.68 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2075-00-800- 52—<u>തിരുവനന്തപുരം നഗരത്തിലെ യുദ്ധസ്മാരകം</u>

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

44. തിരുവനന്തപുരം നഗരത്തിലെ യുദ്ധസ്മാരകത്തിന്റെ നിർമ്മാണപ്രവൃത്തികൾക്കായി നടപ്പുവർഷത്തെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയിൽ ശേഷിക്കുന്ന <u>3.087 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

## ധനാഭ്യർത്ഥന നമ്പർ XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ

വോട്ട് ചെയ്തത് - 5548.6851 കോടി രൂപ

ചാർജ്ജ് ചെയ്തത് - ഇല്ല

3454-02-111- 99 —<u>സംസ്ഥാന വരുമാന സ്ഥിതി വിവരക്കണക്ക് വിഭാഗം</u>

വിഹിതം : 90.84 ലക്ഷം രൂപ (പദ്ധതിയേതരം)

45. സംസ്ഥാന വരുമാന വിഭാഗത്തിലെ ജില്ലകളിൽ ഉൾപ്പെടെ ജോലി ചെയ്യുന്ന 10 ജീവനക്കാരുടെ യാത്രാബത്ത ഇനത്തിലുള്ള കുടിശ്ശിക നൽകുന്നതിനായി നിലവിലെ ബജറ്റ് വിഹിതത്തിനുപുറമെ 15,967 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3454-02-111-97—വിലയിരുത്തൽ ഘടകം

വിഹിതം : 1.4777 കോടി രൂപ (പദ്ധതിയേതരം)

46. ഇവാല്യുവേഷൻ വിഭാഗത്തിൽ മണ്ണ് സർവ്വേയുമായി ബന്ധപ്പെട്ട് ജില്ലകളിൽ ഉൾപ്പെടെ ജോലി ചെയ്യുന്ന 17 ജീവനക്കാരുടെ യാത്രാബത്ത ഇനത്തിലുള്ള കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിന് 58,369 രൂപ കൂടി ആവശ്യമായതിനാൽ പ്രസ്തുത തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3454-02-111-89—കാർഷിക സ്ഥിതി വിവരക്കണക്ക് പദ്ധതിയുടെ മെച്ചപ്പെടുത്തൽ - ഇ.എ.ആർ.എ.എസ് (100% സി.എസ്.എസ്.)

വിഹിതം : 70.30 കോടി രൂപ (പദ്ധതിയേതരം)

47. ഇ.എ.ആർ.എ.എസ് . പദ്ധതിയിൻ കീഴിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ യാത്രാബത്ത, സ്ഥലമാറ്റ ബത്ത, അവധി യാത്രാനുകൂല്യം ഇനങ്ങളിലുള്ള കുടിശ്ശിക നൽകുന്നതിനായി അധിക തുക ആവശ്യമാണ്. ആയതിനാൽ നിലവിലെ ബജറ്റ് വിഹിതത്തിനുപുറമെ 6.87137 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3454-02-112-99—ഇക്കണോമിക്സ് സ്റ്റാറ്റിസ്റ്റിക്സ് ബ്യൂറോ

വിഹിതം : 52.3059 കോടി രൂപ (പദ്ധതിയേതരം)

48. എസ് .ആർ .എസ് .-മായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന 175 പാർട്ട് ടൈം എന്യൂമറേറ്റർമാർക്കുള്ള ഓണറേറിയം കഴിഞ്ഞ വർഷത്തെ കുടിശ്ശികയടക്കം നൽകുന്നതിനായും 666 ജീവനക്കാരുടെ യാത്രാബത്ത, ട്രാൻസ്ഫർ ടി.എ. കുടിശ്ശിക എന്നിവ നൽകുന്നതിനായും നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 50.52050 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3454-02-112-98—ദേശീയ സാമ്പിൾ സർവേ

വിഹിതം : 4.1612 കോടി രൂപ (പദ്ധതിയേതരം)

49. ദേശീയ സാമ്പിൾ സർവേ വിഭാഗത്തിന്റെ കീഴിൽ ജില്ലകളിൽ ഉൾപ്പെടെ ജോലി ചെയ്യുന്ന 58 ജീവനക്കാരുടെ യാത്രാബത്ത ഇനത്തിലുള്ള കുടിശ്ശിക നൽകുന്നതിനായി നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 1.09566 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3454-02-112-96—സർവ്വേയും പഠനവും

വിഹിതം : 3.3582 കോടി രൂപ (പദ്ധതിയേതരം)

50. സർവേ രൂപകല്പന വിഭാഗത്തിന്റെ കീഴിൽ ജില്ലകളിൽ ഉൾപ്പെടെ ജോലി ചെയ്യുന്ന 44 ജീവനക്കാരുടെ യാത്രാബത്ത ഇനത്തിലുള്ള കുടിശ്ശിക നൽകുന്നതുൾപ്പെടെയുള്ള ചെലവുകൾക്കായി ബജറ്റ് വിഹിതത്തിനുപുറമെ 44,490 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3454-02-112-89—ഭാരതീയ സ്ഥിതി വിവരക്കണക്ക് ശക്തിപ്പെടുത്തൽ പദ്ധതി (ഐ .എസ് .എസ് .പി .) സംസ്ഥാന പദ്ധതി

വിഹിതം : 1.5617 കോടി രൂപ (പദ്ധതി)

51. സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പിന്റെ പഠനഗവേഷണ പരിശീലന സ്ഥാപനമായ സ്റ്റേറ്റ് അക്കാദമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷന് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് ഈ ശീർഷകത്തിൻ കീഴിൽ അനുവദിച്ച തുക 4.55 ലക്ഷം രൂപയാണ് . ഇത് പര്യാപ്തമല്ലാത്തതിനാൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3454-02-203-99—തദ്ദേശ സ്വയംഭരണ ഗവൺമെന്റ് സ്ഥാപനങ്ങളിൽ സ്ഥിതി വിവര കണക്കുകൾ വിപുലീകരിക്കുന്നതിന്

വിഹിതം : 3.9722 കോടി രൂപ (പദ്ധതിയേതരം)

52. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനും പദ്ധതി രൂപീകരണത്തിനും മറ്റുമായി ഏർപ്പെട്ടിരിക്കുന്ന സംസ്ഥാന/ജില്ലാതല ഫീൽഡ് ജീവനക്കാർക്ക് യാത്രാബത്ത, ട്രാൻസ്ഫർ ടി.എ. കുടിശ്ശിക നൽകുന്നതിനായി നിലവിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ് . ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 6.35945 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3454-02-203-98—ഡയറക്ടേറ്റിൽ ഒരു സംഗണക വിഭാഗം സ്ഥാപിക്കുന്നതിന്

വിഹിതം : 82.33 ലക്ഷം രൂപ (പദ്ധതി)

53. ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളയുമായി ചേർന്ന് വികസിപ്പിക്കുന്ന ആപ്ലിക്കേഷനിൽ ഉൾപ്പെടുന്ന 8 മൊഡ്യൂളുകളുടെ വികസനം, ഇവയുടെ പരിപാലനം, ഉദ്യോഗസ്ഥർക്കുള്ള പരിശീലനം എന്നിവയ്ക്കായും, ഇ. എ. ആർ. എ. എസ് . മോഡ്യൂൾ വികസനത്തിനായും ഈ ശീർഷകത്തിൽ നിലവിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ ഒരു കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3454-02-203- 97—വാഹനങ്ങൾ വാങ്ങുന്നതിന്

വിഹിതം : 10 ലക്ഷം രൂപ (പദ്ധതി)

54. സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പിന്റെ ഫീൽഡ്തല പരിശോധനയ്ക്ക് ജില്ലാ ഓഫീസിലും ഡയറക്ടറേറ്റിലുമായി പുതിയ 13 വാഹനങ്ങൾ വാങ്ങുന്നതിന് വേണ്ടി ബജറ്റ് വിഹിതത്തിനു പുറമെ 1.30 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3454-02-203-95—ജില്ലകളിൽ കമ്പ്യൂട്ടർ ഡിവിഷൻ ശക്തിപ്പെടുത്തൽ

വിഹിതം : 81 ലക്ഷം രൂപ (പദ്ധതി)

55. സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പിന്റെ ഫീൽഡ്തല സർവ്വെയ്ക്ക് വേണ്ടി ഇൻവെസ്റ്റിഗേറ്റർമാർ, സൂപ്പർവൈസറി ഉദ്യോഗസ്ഥർ എന്നിവർക്ക് ആവശ്യമായ 629 ടാബ്‌ലെറ്റുകൾ വാങ്ങുന്നതിനും ഇന്റർനെറ്റ് കണക്ടിവിറ്റിക്കും വകുപ്പിലെ ജില്ലാ/ താലൂക്ക് സ്റ്റാറ്റിസ്റ്റിക്സ് ഓഫീസുകളിൽ ആധാർ അധിഷ്ഠിത ബയോമെട്രിക്ക് പഞ്ചിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതിനും നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2.6902 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5475-00-800-80—മറ്റ് ഏജൻസികളെ ഏൽപ്പിച്ച പ്രവൃത്തികൾ

(03)- നികുതി വകുപ്പ് - സംസ്ഥാന ജി. എസ് . ടി. സമുച്ചയത്തിന്റെ നിർമ്മാണം

വിഹിതം : 3 കോടി രൂപ (പദ്ധതി)

56. വകുപ്പിലെ ഇന്റലിജൻസ് ഓഫീസുകൾ മാറുന്നതിനും വകുപ്പിന് കീഴിലുള്ള ഓഡിറ്റ് ഓഫീസുകളുടെ നവീകരണത്തിനുമായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 3 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XLVI —സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

വോട്ട് ചെയ്തത് - 15716.4721 കോടി രൂപ

ചാർജ്ജ് ചെയ്തത് - 1,000 രൂപ

2235-60-110-99—സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ്

04-1 - യാത്രാ ചെലവുകൾ -യാത്രാ ബത്ത

വിഹിതം : 2 ലക്ഷം രൂപ (പദ്ധതിയേതരം)

57. ജില്ലാ ഓഫീസുകളിൽ ഇന്റേണൽ ഓഡിറ്റ് നടത്തേണ്ടതിനാൽ നിലവിൽ അനുവദിച്ച വിഹിതം അപര്യാപ്തമാകയാൽ പ്രസ്തുത ശീർഷകത്തിൽ 8 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05-4 - ഓഫീസ് ചെലവുകൾ -മറ്റിനങ്ങൾ

വിഹിതം : 33.35 ലക്ഷം രൂപ (പദ്ധതിയേതരം)

58. പാസ്ബുക്ക്, പോളിസി സർട്ടിഫിക്കറ്റ് എന്നിവയുടെ അച്ചടിചെലവ്, ഓഫീസ് നവീകരണം എന്നിവയ്ക്ക് നിലവിൽ അനുവദിച്ച വിഹിതം അപര്യാപ്തമാകയാൽ പ്രസ്തുത ശീർഷകത്തിൽ 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

06 -വാടക, കരം, നികുതി

വിഹിതം : 50 ലക്ഷം രൂപ (പദ്ധതിയേതരം)

59. മൂന്ന് വർഷം കൂടുമ്പോൾ വാടക 15 % വർദ്ധിക്കുന്ന സാഹചര്യത്തിൽ നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ 40 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-110- 98—ജില്ലാ ആഫീസുകൾ

04-1- യാത്രാ ചെലവുകൾ-യാത്രാബത്ത

വിഹിതം : 3.44 ലക്ഷം രൂപ (പദ്ധതിയേതരം)

60. ജില്ലകളിൽ 25 ഡെവലപ്മെന്റ് ഓഫീസർമാർക്ക് കുറഞ്ഞത് 20 ദിവസം യാത്രാബത്ത അനുവദിക്കേണ്ടി വരുന്നതിനാൽ നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ല. ആകയാൽ ടി ശീർഷകത്തിൽ 10 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05-4 -ഓഫീസ് ചെലവുകൾ -മറ്റിനങ്ങൾ

വിഹിതം : 6.29 ലക്ഷം രൂപ (പദ്ധതിയേതരം)

61. ഓഫീസ് നവീകരണം, സ്റ്റേഷനറി ചാർജ്ജ് എന്നിവ വഹിക്കുന്നതിനായി നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ 15 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

06- വാടക, കരം, നികുതി

വിഹിതം : 45 ലക്ഷം രൂപ (പദ്ധതിയേതരം)

62. ജില്ലകളിലെ ഓഫീസ് കെട്ടിടങ്ങൾ മാറ്റിയതിനാലും നിലവിലുള്ള കെട്ടിടത്തിന്റെ വാടക വർദ്ധിപ്പിച്ചതിനാലും നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ടി ശീർഷകത്തിൽ 35 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-110- 97—സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് കംപ്യൂട്ടർവൽക്കരണം

വിഹിതം : 35 ലക്ഷം രൂപ (പദ്ധതിയേതരം)

63. ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സാങ്കേതിക സഹായത്തോടു കൂടി കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിനു വേണ്ടി ഒരു സമഗ്ര ഇൻഷ്വറൻസ് മാനേജ്മെന്റ് സിസ്റ്റം (IMS) തയ്യാറാക്കുന്നതിനായി 3 കോടി രൂപ ബജറ്റ് പ്രസംഗത്തിൽ വകയിരുത്തിയിട്ടുള്ളതിനാൽ പ്രസ്തുത 3 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കെ. എൻ. ബാലഗോപാൽ,

*ചെയർപേഴ്സൺ,*

*സബ്ജക്ട് കമ്മിറ്റി VIII.*

തിരുവനന്തപുരം,
2025 ഫെബ്രുവരി, 27.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.